(സി) കേന്ദ്ര ഗവൺമെന്റിന്റെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേനയാണ് ഹൈടെക് ഫാമുകൾ സ്ഥാപിക്കുന്നത്. പദ്ധതി കാലയളവ് 2015 മാർച്ച് വരെയാണ്.

2011-15 കാലയളവിലേക്കായി ഓരോ ഫാമിനും 20 കോടി രൂപ വീതമാണ് അനുവദിക്കുന്നത്. ഫണ്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു:

വിതുര ഫാം	തുക
2011-12	3 കോടി രൂപ
2012-13	5 "
2013-14	6.5 "
2014-15 (ഇനി ലഭിക്കേണ്ടത്)	5.5 "
കുര്യോട്ടുമല	
2011-12	3 "
2012-13	4 "
2013-14	5.5 "
2014-15 (ഇനി ലഭിക്കേണ്ടത്)	7.5 "

(ഡി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേനയുള്ള പദ്ധതികളായതിനാൽ എസ്.എൽ.ഇ.സി. (സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി) നിശ്ചിത സമയങ്ങളിൽ യോഗം ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. ടി പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി യോഗങ്ങളിലും പദ്ധതി പുരോഗതി സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. സർക്കാർ തലത്തിലും വകുപ്പു തലത്തിലും പ്രത്യേക അവലോകന യോഗങ്ങൾ നടത്താറുണ്ട്. ടി പദ്ധതികൾ ദ്രുതഗതിയിൽ ഹൗസിംഗ് ബോർഡ് മുഖേന പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാതൃകാ മൃഗകർഷക സംരംഭങ്ങൾ

153 (7458) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പരിപാടി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം മാതൃകാ സംരംഭങ്ങൾക്കാണ് പ്രോത്സാഹനം നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോത്സാഹനം നൽകാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം വികസനവും പരിശീലനവും എന്ന പദ്ധതിയിൽ വിജയകരമായ മോഡലുകളുടെ വ്യാപനത്തിന് 30 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) വിജയകരമായ മോഡലുകൾ മറ്റ് മേഖലയിക്ക് വ്യാപിപ്പിക്കുന്നതിന് അവയെ ഒരു മാതൃകാസംരംഭമായി മറ്റ് കർഷകർക്ക് പ്രദർശനത്തിനും അവയുടെ നല്ലവശങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. ഇവയിലൂടെ പുതിയ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും അവരെ പരിശീലനങ്ങൾക്ക് വിധേയമാക്കുന്നതിനും സാധിക്കുന്നതാണ്.

(സി&ഡി) പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

ഗോസുരക്ഷാ പദ്ധതി

154 (7451) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ഗോസുരക്ഷാ പദ്ധതി" നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly